# ഇടിയങ്ങര ശൈഖ് ദർഗ

അമീർ ഒതുക്കുങ്ങൽ

ഇസ്‌ലാം അങ്ങേയറ്റം വിരോധിച്ചതാണ് ക്വബ്റുകളുമായി ബന്ധപ്പെട്ട് നടക്കുന്ന തിൻമകൾ. ഇത്തരം തിൻമകളിൽ ഏറ്റവും വലുത് ക്വബ്ർ കെട്ടിപ്പൊക്കൽ തന്നെയാണ്. ആ ഒരു തിന്മ ഉടലെടുക്കുന്നതോടെ അതിന്റെ അനുബന്ധമായി നരവധി തിന്മകൾ നടമാടുന്നു. കെട്ടി ഉയർത്താത്ത ക്വബ്റിനരികിൽ ഉറൂസും കൊടികുത്തു നേർച്ചയും സുജൂദും ത്വവാഫും പൂമൂടലും മറ്റു തിൻമകളും നടക്കാറില്ല. ഇതെല്ലാം നടക്കണമെങ്കിൽ ആദ്യം ക്വബ്ർ കെട്ടിപ്പൊക്കണം. ക്വബ്ർ സിയാറത്തിന്റെ ലക്ഷ്യമായി ഇസ്‌ലാം പറഞ്ഞത് മരണ ചിന്ത ഉണ്ടാകലും പരലോക വിചാരം ഉടലെടുക്കലും ആണ്. ഈ രണ്ട് വികാരങ്ങളുണ്ടാകാൻ ഏത് സാധാരണക്കാരന്റെ ക്വബ്ർ സന്ദർശിച്ചാലും മതിയാകും. അമുസ്‌ലിമിന്റെ ക്വബ്ർ സന്ദർശിച്ചാൽ പോലും ഈവികാരം ഉണ്ടാകും. പക്ഷേ കേരള ക്വുബൂരികൾ ക്വബ്ർ സിയാറത്ത് നടത്തുന്നതും സിയാറത്ത് ടൂർ സംഘടിപ്പിക്കുന്നതും ഇസ്‌ലാം പറഞ്ഞ ലക്ഷ്യം വെച്ചല്ല. ആയിരുന്നെങ്കിൽ നാഗൂറിലേക്കും അജ്മീറിലേക്കും ഏർവാടിയിലേക്കും മറ്റും സിയാറത്ത് ടൂർ സംഘടിപ്പിക്കേണ്ടതില്ലല്ലോ. തങ്ങളുടെ വിളിപ്പാടരികെയുള്ള മഹല്ല് ക്വബ്ർസ്ഥാൻ സന്ദർശിച്ചാൽ മതിയാകും. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലേക്ക് സിയാറത്ത് ടൂർ സംഘടിപ്പിക്കുന്ന ക്വുബൂരി മുസ്‌ലിയാക്കളെ സ്വന്തം നാട്ടിലെ ക്വബ്ർസ്ഥാനിൽ നാം കാണാറുമില്ല. ഇസ്‌ലാം ഉദ്ദേശിക്കുന്ന ക്വബ്ർ സിയാറത്ത് എന്താണെന്നൊ, അതിനുവേണ്ടുന്നതെന്താണെന്നൊ മുസ്‌ലിയാക്കൾ സാധാരണക്കാരന് ഒരിക്കലും പറഞ്ഞ് കൊടുക്കാറുമില്ല. അങ്ങിനെ പറഞ്ഞ് കൊടുത്താൽ തങ്ങളുടെ വരുമാനത്തിന്റെ അടിക്കല്ലിളകുമെന്ന് മുസ്‌ലിയാക്കൾക്കറിയാം. അതുകൊണ്ട് തന്നെ ക്വബ്ർ കെട്ടിപ്പൊക്കാനും അവിടങ്ങളിൽ നടക്കുന്ന മറ്റു തിൻമകൾക്കും ഫത്‌വകൾ വാരിക്കോരി നൽകാൻ ക്വുബൂരി മുഫ്തിമാർ മടികാണിക്കാറില്ല. ക്വബ്റിങ്ങൽ പൂവിതറാനും അവിടങ്ങളിൽ വിളക്കുകത്തിക്കാനും ത്വവാഫും സഅ്‌യും നടത്താനും യഥേഷ്ടം ഫത്‌വകൾ ക്വുബൂരീ മുഫ്തിമാർ നൽകിയിട്ടുണ്ട്. ഇത്തരത്തിൽ അനാചാരങ്ങളുടെ കേളീകേന്ദ്രങ്ങളായ ജാറങ്ങളിൽ നിന്നാണ് ഇവരുടെ പല സ്ഥാപനങ്ങളും ദൈനംദിന ചിലവുകൾക്ക് ഫണ്ട് കണ്ടെത്തുന്നത്. പട്ടിണികിടക്കുന്നവന് ഒരുനേരത്തെ അന്നം നൽകാത്ത അറുപിശുക്കനും ദർഗകളിൽ നോട്ടുകൾ വിതറുമെന്ന് ക്വുബൂരീ മുഫ്തിമാർക്കറിയാം. കേരളത്തിലെ അറിയപ്പെടുന്ന പല ദർഗകളിലും വാർഷികവരുമാനങ്ങൾ കോടികളാണ്. ഇത്തരം ദർഗകൾ ഒരുവർഷത്തിന് ലേലം ചെയ്തും വിറ്റും ക്രയവിക്രയം നടത്തിയാണ് സമസ്തയെന്ന ക്വുബൂരി പ്രസ്ഥാനം ഇവിടെ ജന്മംകൊണ്ടതും നിലയുറപ്പിച്ചതും. മമ്പുറം സയ്യിദ് അലവി തങ്ങളുടെ പേരിലുള്ള ദർഗ ചെമ്മാട് ദാറുൽ ഹുദക്ക് കൈമാറ്റം ചെയ്തതിനെചൊല്ലിയുണ്ടായ പുകിലുകൾ നാം മറന്നിട്ടില്ല. കേരളത്തിൽ അറിയപ്പെടുന്ന പല ദർഗകളും ഔദ്യോഗിക ക്വുബൂരികളുടെ കൈവശമാണുള്ളത്. അതിൽ അരിശംപൂണ്ട കാന്തക്വുബൂരികൾ ആ ദർഗകൾക്ക് സമാന്തരം പണിതും സമാന്തര കറാമത്തുകൾ വെച്ചുകെട്ടിയും തങ്ങളുടെ പെട്ടിയിലേക്കും പണം വീഴ്ത്താൻ ശ്രമിക്കുന്നു. ക്വുബൂരീ സ്ഥാപനമായ ചെമ്മാട് ദാറുൽ ഹുദ മമ്പുറം ദർഗയുടെ വരുമാനംകൊണ്ടാണ് പ്രധാനമായും നടന്നുപോകുന്നത്. അതുപോലെ മറ്റൊരു സ്ഥാപനമായ നന്തിദാറുസ്സലാം കോഴിക്കോട്ടെ ഇടിയങ്ങര ശൈഖ് പള്ളി ദർഗയിൽ നിന്നുള്ള വരുമാനംകൊണ്ടാണ് കാര്യമായ ഉപജീവനം നടത്തുന്നത്.

കോഴിക്കോട് നഗരത്തിലാണ് ഇടിയങ്ങര എന്ന സ്ഥലം സ്ഥിതിചെയ്യുന്നത്. നേർച്ചകളുടെ കാര്യത്തിൽ കുപ്രസിദ്ധിയാർജ്ജിച്ചതാണ് ഇടിയങ്ങര ജാറം. ഇവിടുത്തെ നേർച്ച ഉൽപന്നങ്ങൾ കൗതു

കവും തമാശയുമുണ്ടാക്കുന്നതുമാണ്. വിവിധ രൂപങ്ങളിലുള്ള അപ്പങ്ങളാണ് ഇവിടത്തെ നേർച്ചവസ്തു. മനുഷ്യശരീരത്തിലെ വിവിധ അവയവങ്ങളുടെ രൂപത്തിലാണ് അപ്പങ്ങൾ നിർമ്മിക്കുക. കണ്ണപ്പവും മൂക്കപ്പവും ചെവിയപ്പവും കയ്യപ്പവും കാലപ്പവും എല്ലാം ഇവിടെ നേർച്ചയായി എത്താറുണ്ട്. കണ്ണിന് രോഗം വന്നാൽ കണ്ണപ്പം, കാതിന് രോഗം വന്നാൽ കാതപ്പം............. ഇങ്ങനെ...... കുട്ടികൾക്ക് വിരശല്യമുണ്ടായാൽ അതിന് പ്രതിവിധിയായി വിരയപ്പവും ഇവടെ നേർച്ചയാക്കുന്നു. ഇത്തരം അപ്പങ്ങൾ വിൽക്കുന്ന നൂറുകണക്കിന് കടകൾ ഇടിയങ്ങരയിൽ കാണാം. ഈ കടകളിൽ നിന്ന് അപ്പങ്ങൾ വാങ്ങി അന്ധവിശ്വാസികളായ ക്വുബൂരികൾ ദർഗയിലേക്ക് നേർച്ചയാക്കുന്നു. എന്തൊക്കെ കഥകൾ പടച്ചുണ്ടാക്കിയാലും അതെല്ലാം ഉൾകൊണ്ട് അതിനനുസരിച്ച് താളംചവിട്ടുന്നവരാണ് പാമര ക്വുബൂരികൾ. അത്രക്കും വിപണനസാധ്യതയാണ് ദർഗകൾക്കുള്ളത്. കൊടിയ ജാഹിലുകളായിരുന്ന മക്കയിലെ മുശ്രിക്കും അല്ലാഹുവല്ലാത്തവരുടെ പേരിൽ നേർച്ചയാക്കിയിരുന്നു. പക്ഷെ അതിന് ഇന്നത്തെ ക്വുബൂരികളേക്കാൾ മാന്യതയുണ്ടായിരുന്നു. അവർ കൃഷി ഉൽപന്നങ്ങളും മൃഗങ്ങളേയുമായിരുന്നു നേർച്ചയാക്കിയിരുന്നത്. ഇത്തരത്തിലുള്ള വൃത്തികെട്ട ഒരു നേർച്ച അവർക്കും പരിചയമില്ലായിരുന്നു. അന്ധവിശ്വാസങ്ങളുടെ കാര്യത്തിൽ മക്കയിലെ മുശ്രിക്കിന്റെ ഉസ്താദുമാരാകാൻ പറ്റിയവരാണ് ഇന്നത്തെ ക്വുബൂരീ പണ്ഡിറ്റുകൾ.

ഇടിയങ്ങര ദർഗയിൽ മറപെട്ട് കിടക്കുന്നുവെന്ന് പറയപ്പെടുന്ന ശംസുദ്ദീനുൽ മുഹമ്മദ്ബ്നു അലാഉദ്ദീനിൽ ഹിംസിയ്യ് എന്ന വ്യക്തിയുടെ ചരിത്രപുസ്തകവും ക്വുബൂരികൾ പുറത്തിറക്കിയിട്ടു ്. നാല് നൂറ്റാണ്ട് മുമ്പ് കോഴിക്കോട് വ്യാപാരത്തിനായി കപ്പൽമാർഗ്ഗം എത്തിയെന്ന് പറയപ്പെടുന്ന അലാഉദ്ദീൻ ഹിമ്മസിയിൽനിന്നാണ് കുപ്രസിദ്ധ അപ്പവാണിഭനേർച്ചയുടെ ഉൽഭവമായി ക്വുബൂരികൾ പറയുന്നത്. വ്യാപാരം കഴിഞ്ഞ് തന്റെ കപ്പൽ മടങ്ങിപ്പോയിട്ടും അലാഉദ്ദീൻ ഹിമ്മസി മടങ്ങിപ്പോയില്ലത്രേ. കോഴിക്കോട്തന്നെ കൂടിയ മൂപ്പർക്ക് നാട്ടുകാർ അവിടെനിന്നും പെണ്ണും കെട്ടിച്ചുകൊടുത്തു. അതിലുണ്ടായ കുട്ടിയാണത്രെ ശംസുദ്ധീൻ മുഹമ്മദ്ബ്നു അലാഉദ്ദീൻ ഹിംസിയ്യ്. എന്തായാലും മകൻ ജനിച്ചുകഴിഞ്ഞപ്പോൾ അലാഉദ്ദീന് നാട്ടിലേക്കുതന്നെ തിരിച്ചുപോകണമെന്ന് തോന്നിയത്രേ. താങ്കൾ പോയാൽ ഞാനും മകനും എങ്ങനെ ജീവിക്കുമെന്ന് ചോദിച്ച ഭാര്യയോട് അലാഉദ്ദീൻ പറഞ്ഞത് ഇതായിരുന്നുവത്രേ. ''നിന്നെയും മോനെയും അല്ലാഹു സംരക്ഷിക്കും. എല്ലാം അവനിൽ ഭരമേൽപിക്കുക. നമ്മുടെ മോൻ ഈ നാടിന്റെ അഭയകേന്ദ്രമായിത്തീരും'' സ്വന്തം ഭാര്യയോടും എല്ലാം അല്ലാഹുവിൽ അർപ്പിക്കാനാണ് അലാഉദ്ദീൻ പറഞ്ഞത്. എന്നാൽ നാട്ടുകാർക്ക് ഭരമേൽപ്പിക്കാനും അഭയംതേടാനും തന്റെ മോനും!!!.

തികച്ചും സന്യാസത്തിലൂടെയാണ് ശംസുദ്ദീൻ വളർന്നത്. കാട്ടിലും മലയിലും ധ്യാനവും തപസ്സുമായി ശംസുദ്ദീൻ കഴിച്ചുകൂട്ടി. കാട്ടിലും മലയിലും ധ്യാനവുമായി നടന്നിരുന്ന സ്വഭാവം അല്ലാഹുവിന്റെ പ്രവാചകന്മാർക്കോ പ്രവാചകരിൽ നിന്ന് മാതൃക ഉൾകൊണ്ട സ്വഹാബിമാർക്കോ ഉണ്ടായിട്ടില്ല. പക്ഷെ ക്വുബൂരി സൂഫികൾ മാതൃക സ്വീകരിച്ചത് പ്രവാചകനിൽ നിന്നല്ല. അവരുടെ സൂഫിഗ്രന്ഥങ്ങൾ പലതും ഹൈന്ദവ പുരാണങ്ങളുമായും അവരുടെ ധ്യാനം ഹൈന്ദവ സന്യാസിമാരുടെ തപസ്സുമായും ബന്ധമുള്ളതാണ്. സൂഫിസത്തിൽ ഹൈന്ദവത ചെലുത്തിയ സ്വാധീനം സൂഫിസത്തെക്കുറിച്ച് ആധികാരികമായി പഠനം നടത്തിയവരൊക്കെ രേഖപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടുതന്നെയാണ് ഇത്തരം സൂഫികളിൽ അനുഗ്രഹം വാങ്ങാനെത്തുന്നവരിൽ നല്ലൊരു ശതമാനം ഹൈന്ദവരുമുള്ളത്. ഇടിയങ്ങരയിലെ കഥാപുരുഷൻ ശംസുദ്ദീനും നാനാമതസ്തരുടെ അഭയകേന്ദ്രമായിരുന്നു എന്ന് ഇദ്ദേഹത്തെക്കുറിച്ചുള്ള ക്വുബൂരി ചരിത്രങ്ങൾ പറയുന്നുണ്ട്.

പിന്നീടങ്ങോട്ട് ഇരുപത്തഞ്ച് വർഷത്തോളം ഷംസുദ്ദീൻ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള അനേകം മക്ബറകൾ സന്ദർശിച്ച് ചുറ്റിയടിച്ചു. ഖാദിരിയ്യ, ചിശ്തിയ്യ ത്വരീഖത്തുകൾ പ്രചരിപ്പിച്ചും കാലം കഴിച്ചുകൂട്ടി. ഇരുപത്തഞ്ച് വർഷത്തിന് ശേഷം നാട്ടിൽ തിരിച്ചെത്തിയ ഷംസുദ്ദീൻ നാട്ടുകാരുടെ അഭയകേന്ദ്രമായും ഇസ്ലാം മതത്തിന്റെ കാവലാളായും മാറിയതായി ക്വുബൂരി പുസ്തകങ്ങൾ പറയുന്നു. എന്നാൽ അദ്ദേഹം ഇസ്ലാമിന്റെ വളർച്ചയും ഉന്നതിയും ആഗ്രഹിച്ചിരുന്നോ എന്ന് ചിലർക്കെങ്കിലും സംശയംതോന്നുന്ന ചിലകാര്യങ്ങളും പുസ്തകത്തിലുണ്ട്. അത് കാണുക. ഷംസുദ്ദീനോട് ഒരു അമുസ്ലിം വന്നുപറയുന്നു.

''ഞാൻ മുസ്ലിമല്ല, എനിക്ക് ഇസ്ലാം മതത്തിൽ ചേരണം. കലിമ ചൊല്ലിത്തരണം.
നിന്നോടാര് പറഞ്ഞു ഇസ്ലാമിൽ ചേരാൻ?
ആരും പറഞ്ഞിട്ടല്ല, ഞാൻ സ്വയം വന്നതാണ്. എന്നെ തള്ളിക്കളയരുത്.
ഞാനൊന്നാലോചിക്കട്ടെ, നീ പിന്നീട് വാ.''
*(ശൈഖ് ശംസുദ്ദീൻ മുഹമ്മദ്ബ്നു അലാഉദ്ദീൻ ഷിംസിയ്യ് (റ). പേജ്. 31)*

ഷംസുദ്ദീനും ഒരു അമുസ്ലിമും തമ്മിൽ നടന്ന സംഭാഷണമാണ് മുകളിൽ കൊടുത്തത്. ഒരു അമുസ്ലിം ഇസ്ലാമിൽ ചേരാൻ ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ കൊടുത്ത മറുപടിയിലെ ധിക്കാരം കണ്ടില്ലേ. ഷംസുദ്ദീന്റെ കുടുംബത്തിലെ റേഷൻ കാർഡിൽ എന്റെയും പേര് ചേർക്കണമെന്ന് ആവശ്യപ്പെട്ടതുപോലെയാണ് ടിയാന്റെ പ്രതികരണം. ഇസ്ലാംമതമെന്നാൽ ഏതെങ്കിലും ഒരുത്തന്റെ കുടുംബസ്വത്തല്ല. അല്ലാഹുവിന്റെയും പ്രവാചകന്റെയും വിധിവിലക്കുകൾ അനുസരിച്ച് ജീവിക്കാനാരെങ്കിലും തയ്യാറായാൽ അവന് പിന്നെ കലിമചൊല്ലി ഇസ്ലാമിൽ അംഗമാകാം. അതിന് സമസ്തക്കാരുടെ ശൈഖന്മാരുടെ അനുവാദത്തിന്റെ ആവശ്യമുണ്ടോ? ഉണ്ടെന്ന രീതിയിലാണ് ക്വുബൂരിയുടെ ജൽപനങ്ങൾ. സി.എം. മടവൂരിനെക്കുറിച്ച് എഴുതിയ പുസ്തകത്തിലുമുണ്ട് ഈ ബഡായി. ഒരവസരത്തിൽ സി.എം. മടവൂർ അമുസ്ലിംകളെ വിളിച്ച് ഇസ്ലാമിൽ ചേരാൻ അനുവാദം നൽകിയിരുന്നുവെന്ന് വലിയ പോരിശയിൽ പ്രസ്തുത പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിസ്കരിക്കാതെയും നോമ്പ് നോൽക്കാതെയും മീശയും താടിയും വടിച്ചും സ്വർണാഭരണങ്ങൾ ധരിച്ചും തികച്ചും അനിസ്ലാമിക രീതിയിൽ ജീവിച്ചിരുന്ന ഒരു ഭ്രാന്തന്റെ അനുവാദം വേണമത്രേ അമുസ്ലിംകൾക്ക് ഇസ്ലാം സ്വീകരിക്കാൻ!!!

ഹിജ്റ 950 റജബ് മാസത്തിൽ ശംസുദ്ദീൻ മരണപ്പെട്ടതായി പറയപ്പെടുന്നു. മരണപ്പെട്ടതോ അതോ മരിക്കുന്നതിന് മുമ്പോ കുഴിച്ചിട്ടതോ എന്ന് സംശയമുണ്ട്. ശംസുദ്ദീന്റെ കറാമത്തായി പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഒരു സംഭവം വായിച്ചാൽ ആ സംശയം സ്വാഭാവികമാണ്. ശംസുദ്ദീന്റെ ഒരു ആത്മസുഹൃത്തായിരുന്നുവത്രേ അലിയ്യുൻനാശിരി. അലിയ്യുന്നാശിരിയും ശംസുദ്ദീനും തമ്മിൽ ഒരു കറാറുണ്ടായിരുന്നുവത്രേ. ആദ്യം മരിക്കുന്നവന്റെ മയ്യിത്ത് അപരൻ കുളിപ്പിക്കണമെന്ന്. ഏതായാലും ആദ്യം മരിച്ചത് ശംസുദ്ദീനാണ്. അങ്ങനെ മയ്യിത്ത് കുളിപ്പിച്ചപ്പോൾ സംശയം തീർക്കാൻ ശംസുദ്ദീൻ കണ്ണ് തുറന്നുനോക്കിയത്രേ. ''വിഷമിക്കണ്ട, ഞാൻ തന്നെയാണ് കുളിപ്പിക്കുന്നത്'' എന്ന് അലിയ്യുന്നാശിരി മറുപടി പറഞ്ഞുപോലും. മയ്യിത്ത് കുളിപ്പിക്കുമ്പോൾ കണ്ണ് തുറന്നുവെങ്കിൽ അതിനർത്ഥം ആൾക്ക് ജീവനുണ്ടെന്നാണ്. ഹജ്ജിന് പോയപ്പോൾപോലും നാട്ടിലുള്ള സംഭവങ്ങളെല്ലാം അദൃശ്യമായി യഥാസമയം അറിഞ്ഞിരുന്നു എന്ന് പറയപ്പെട്ടിരുന്ന ഒരാൾക്ക് തന്റെ മയ്യിത്ത് കുളിപ്പിക്കുന്നത് ആരാണെന്നറിയാൻ കണ്ണ് തുറന്നുനോക്കേണ്ടതുണ്ടോ?

ഇന്ന് ഇടിയങ്ങരയിൽ സ്ഥിതി ചെയ്യുന്ന ദർഗയിലല്ല ശംസുദ്ദീനെ മറവ് ചെയ്തിരുന്നത് എന്നത് മറ്റൊരു തമാശ. കോഴിക്കോട്ടെ കടൽക്കരയോട് ചേർന്ന് ചാരിയാണത്രേ ആദ്യം മറവ് ചെയ്തിരുന്നത്. അത് വായിക്കുക. ''പെട്ടന്ന് കടൽക്ഷോഭമുണ്ടായി. കടൽ കരയിലേക്ക് തള്ളിക്കയറുന്നു. കര ഇടിയുന്നു. തെങ്ങുകൾ കടപുഴകി വീഴുന്നു. പല വീടുകളും കടലെടുത്തുപോയി. ശൈഖിന്റെ മക്ബറയും അതിനോട് ചേർന്നുള്ള പള്ളിയും അപകടാവസ്ഥയിലാണ്. ഒരു രാത്രി കോഴിക്കോട് ഖാസിയും ചില പൗരപ്രമുഖന്മാരും ഒരു സ്വപ്നംകണ്ടു. ശൈഖ് അവരോട് സംസാരിക്കുന്നു. ''എന്റെ ക്വബ്ർ വെള്ളത്തിൽ പെടാൻ പോകുന്നു. എന്നെ ഉയർന്ന സ്ഥലത്തേക്ക് മാറ്റുക'' *(അ.പു. പേജ്. 48)* അങ്ങിനെ ജനങ്ങൾ ക്വബ്ർ തുറന്നുനോക്കി. മയ്യിത്തിന് ഒരു കേടും ഇല്ലായിരുന്നത്രേ. ആ മയ്യിത്ത് ഇടിയങ്ങരയിലേക്ക് കൊ   ുവന്ന് സംസ്കരിച്ചതാണ്പോലും!.

മയ്യിത്ത് കുളിപ്പിക്കുമ്പോൾ കണ്ണ് തുറന്നുനോക്കിയ ആൾക്ക് കടൽക്ഷോഭമുണ്ടായപ്പോൾ സ്വയം എങ്ങോട്ടെങ്കിലും മാറിക്കിടന്നുകൂടായിരുന്നോ എന്നൊന്നും വായനക്കാർ ചോദിക്കരുത്. കാരണം ഇത് കഥയാണ്. കഥയിൽ ചോദ്യമില്ല. ക്വുബൂരീ കഥകളാകുമ്പോൾ ഒട്ടും ചോദ്യം പാടില്ല.